ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 03.04.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1) ആറ് സുപ്രധാന കരാറുകളിൽ ഒപ്പു വച്ച് ഇന്ത്യയും തായ്‌ലൻഡും. ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം തന്ത്രപരമായ പങ്കാളിത്തത്തിലേക്ക് ഉയർത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

India and Thailand Sign Six Key Agreements; PM Narendra Modi Announces Plan to Elevate India-Thailand Relations to Strategic Partnership.

2) വഖഫ് ഭേദഗതി ബില്ലിൽ രാജ്യസഭയിൽ ചർച്ച പുരോഗമിക്കുന്നു; പ്രതിഷേധവുമായി പ്രതിപക്ഷ അംഗങ്ങൾ.

Waqf Amendment Bill Under Discussion in Rajya Sabha; Opposition Members Protest.

3) കേരളത്തിൽ, ആശാ പ്രവർത്തകരുടെ വേതന പരിഷ്ക്കരണം പഠിക്കാൻ കമ്മീഷനെ നിയോഗിക്കാമെന്ന് സംസ്ഥാന സർക്കാർ; നിർദേശം തള്ളി ആശ പ്രവർത്തകർ.

Kerala Government Proposes Commission to Study Asha Workers' Wage Revision; Asha Workers Reject Proposal.

4) ഇന്ത്യക്കു മേൽ യുഎസ് ഏർപ്പെടുത്തിയ പകരം തീരുവയുടെ പ്രത്യാഘാതങ്ങൾ പരിശോധിച്ചു വരികയാണെന്ന് കേന്ദ്ര വാണിജ്യ മന്ത്രാലയം.

**Commerce Ministry Examining Impact of US Retaliatory Tariffs on India.**

5) ഐ.എസ്.എൽ രണ്ടാം സെമിയിൽ ഇന്ന് ജംഷഡ്പൂർ എഫ്.സി - മോഹൻ ബഗാൻ പോരാട്ടം.

**ISL Semi-Final: Jamshedpur FC Face Mohun Bagan Today.**

&&&&&&&&&&&&&&&&&&

**PM- BIMSTEC**

ബിംസ്റ്റക് ഉച്ചകോടിയിൽ പങ്കെടുക്കാനായി തായ്ലൻഡിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഊഷ്മള വരവേൽപ്. നാളെ നടക്കുന്ന ഉച്ചകോടിയോട് അനുബന്ധിച്ച്, ബിംസ്റ്റക് നേതാക്കളുമായി ശ്രീ മോദി കൂടിക്കാഴ്ച നടത്തും. ഇന്ത്യയ്ക്ക് പുറമേ ബംഗ്ലദേശ്, ഭൂട്ടാൻ, മ്യാൻമർ, നേപ്പാൾ, ശ്രീലങ്ക, തായ്ലൻഡ് എന്നീ രാജ്യങ്ങളാണ് ബിംസ്റ്റക് കൂട്ടായ്മയിലുള്ളത്. തായ്ലൻഡ് സന്ദർശനം പൂർത്തിയാക്കി നാളെ ശ്രീലങ്കയിലേക്ക് തിരിക്കുന്ന പ്രധാനമന്ത്രി ശ്രീലങ്കൻ പ്രസിഡൻറ് അനുര കുമാര ദിസനായകെയുമായി കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&

**FUR REV EVE PM-THAILAND VISIT-INTRO**

വിവരസാങ്കേതിക വിദ്യ, കരകൗശല, കൈത്തറി മേഖലകൾ, സമുദ്ര സുരക്ഷ തുടങ്ങിയവയിലെ സഹകരണത്തിന് ഇന്ത്യയും തായ്‌ലൻഡും തമ്മിൽ ആറ് കരാറുകളിൽ ഒപ്പുവച്ചു. ബാങ്കോക്കിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും തായ്‌ലൻഡ് പ്രധാനമന്ത്രിയുമായി നടത്തിയ ഉഭയകക്ഷി ചർച്ചകളെ തുടർന്നാണ് കരാറുകളിൽ ഒപ്പുവച്ചത്. ഇന്ത്യ-തായ്‌ലൻഡ് ബന്ധം തന്ത്രപരമായ പങ്കാളിത്തത്തിലേക്ക് ഉയർത്തുമെന്ന് കൂടിക്കാഴ്ചയ്ക്ക് ശേഷമുള്ള സംയുക്ത പ്രസ്താവനയിൽ പ്രധാനമന്ത്രി മോദി പ്രഖ്യാപിച്ചു. സ്വതന്ത്രവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഇന്തോ-പസഫിക്ക് മേഖലയെ ഇന്ത്യ പിന്തുണയ്ക്കുന്നതായും ഇന്ത്യ - ആസിയാൻ ഐക്യത്തിന് രാജ്യം പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

( വോയിസ്....)

തായ്‌ലൻഡിൽ അടുത്തിടെയുണ്ടായ ഭൂകമ്പത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബാംഗങ്ങളെ അനുശോചനം അറിയിച്ച പ്രധാനമന്ത്രി പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്ന് ആശംസിച്ചു.

&&&&&&&&&&&&&&&&&&&

**RS - WAQF-INTRO**

വഖഫ് ഭേദഗതി ബിൽ, 2025 സംബന്ധിച്ച ചർച്ചകൾ രാജ്യസഭയിൽ പുരോഗമിക്കുന്നു. കേന്ദ്രമന്ത്രി കിരൺ റിജിജുവാണ് ബിൽ രാജ്യസഭയിൽ അവതരിപ്പിച്ചത്.

സംയുക്ത പാർലമെന്ററി സമിതിയുമായി വിശദമായ കൂടിയാലോചന നടത്തിയ ശേഷമാണ് ബിൽ കൊണ്ടുവന്നതെന്നും വഖഫ് സ്വത്തുക്കളുടെ സുതാര്യത ഉറപ്പാക്കുകയാണ് ബില്ലിലൂടെ ഉദ്ദേശിക്കുന്നതെന്നും ശ്രീ കിരൺ റിജിജു വ്യക്തമാക്കി. വഖഫ് ബോർഡുകളിൽ എല്ലാ മുസ്ലിം വിഭാഗങ്ങളുടെയും സ്ത്രീകളുടെയും പ്രാതിനിധ്യം ഉണ്ടായിരിക്കുമെന്നു വ്യക്തമാക്കിയ കേന്ദ്രമന്ത്രി, ബില്ലിനെ പിന്തുണയ്ക്കാൻ പ്രതിപക്ഷ പാർട്ടികളോട് അഭ്യർത്ഥിച്ചു. (ഹോൾഡ്)

അതേസമയം, കോൺഗ്രസ്, സിപിഐ(എം), ഡിഎംകെ ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികളിലെ അംഗങ്ങൾ ബില്ലിനെ രൂക്ഷമായി എതിർത്തുകൊണ്ട് രംഗത്തു വന്നു. പന്ത്രണ്ടുമണിക്കൂറിലേറെ നീണ്ട ചർച്ചക്ക് ശേഷം വഖഫ് ബിൽ ഇന്ന് പുലർച്ചെ ലോക്സഭ പാസാക്കിയിരുന്നു. 288 അംഗങ്ങൾ ബില്ലിനെ അനുകൂലിച്ചും 232 പേർ എതിർത്തും വോട്ട് ചെയ്തു.

&&&&&&&&&&&&&&&&&&

## DMK – WAQF BILL

വഖഫ് ഭേദഗതി ബില്ലിനെതിരെ ഡിഎംകെ സുപ്രീം കോടതിയെ സമീപിക്കുമെന്ന് തമിഴ്നാട് നിയമസഭയിൽ, മുഖ്യമന്ത്രി എം കെ സ്റ്റാലിൻ. ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് കഴിഞ്ഞ മാസം 27 ന് തമിഴ്നാട് നിയമസഭ

പ്രമേയം പാസാക്കിയിരുന്നു. ബില്ലിനെതിരെ കോടതിയെ സമീപിക്കുമെന്ന് മുസ്ലിം ലീഗും ഇന്നലെ വ്യക്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## WAQF REACTION

മുനമ്പം പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ വഖഫ് ഭേദഗതി ബില്ലിലൂടെ സാധിക്കുമെന്ന വാദം ശരിയല്ലെന്ന് നിയമ മന്ത്രി പി.രാജീവ്. ഇത് തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമാണെന്നും അദ്ദേഹം മധുരയിൽ മാധ്യമങ്ങളോട് പറഞ്ഞു. വഖഫ് ഭേദഗതി ബിൽ പാസായാൽ മുനമ്പം ഭൂമി വിഷയം പരിഹരിക്കാനാകില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശനും പ്രതികരിച്ചു. ഇടത് വലത് മുന്നണികളുടെ പ്രീണന രാഷ്ട്രീയമാണ് പാർലമെൻറിലെ വഖഫ് ചർച്ചയിൽ കണ്ടതെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## LS RS WALKOUT

പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗെയ്ക്കെതിരെ ബിജെപി എംപി അനുരാഗ് സിങ് താക്കൂർ ഉന്നയിച്ച ഭൂമി കൈയേറ്റ ആരോപണത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷ അംഗങ്ങൾ രാജ്യസഭയിൽ നിന്ന് ഇറങ്ങിപ്പോയി. ഇന്നലെ ലോക്സഭയിൽ നടത്തിയ പരാമർശങ്ങളിൽ ശ്രീ താക്കൂർ മാപ്പു പറയണമെന്നും ഖർഗെ ആവശ്യപ്പെട്ടു. എന്നാൽ സഭയിൽ നിന്നും നീക്കം ചെയ്ത കാര്യങ്ങളിലേക്ക് വീണ്ടും

ശ്രദ്ധ ക്ഷണിക്കേണ്ടതില്ലെന്ന് രാജ്യസഭ അധ്യക്ഷൻ ജഗദീപ് ധൻഖർ പറഞ്ഞു.

&&&&&&&&&&&&&&&&&&&

## LS - FOOD TESTING

ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി രാജ്യത്ത് 100 പരിശോധനാ ലാബുകൾ കൂടി നിർമ്മിക്കുമെന്ന് കേന്ദ്രമന്ത്രി ചിരാഗ് പാസ്വാൻ. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം സംബന്ധിച്ച് ഒരു വിട്ടുവീഴ്ചയും ചെയ്യില്ലെന്നും അദ്ദേഹം ലോക്സഭയിൽ പറഞ്ഞു. ഭക്ഷ്യ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ രണ്ടായിരത്തിലധികം പേർക്കെതിരെ കഴിഞ്ഞ രണ്ട് വർഷത്തിനിടെ സർക്കാർ നടപടി സ്വീകരിച്ചതായും കേന്ദ്രമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&

## RAJNATH-ARMY CONFERENC

നിലവിലെ ആഗോള സുരക്ഷാ വെല്ലുവിളികളെ ചെറുക്കാൻ ഇന്ത്യൻ സായുധ സേന സജ്ജരായിരിക്കണമെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ നടക്കുന്ന സൈനിക കമാൻഡർമാരുടെ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അതിർത്തി മേഖലകളിലെ സൈനികരുടെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു. രാജ്യത്തിന്റെ സുരക്ഷാ സാഹചര്യം, അതിർത്തി പ്രശ്നം,

സുരക്ഷാ സേന നേരിടുന്ന വെല്ലുവിളികൾ തുടങ്ങിയവ സമ്മേളനത്തിൽ ചർച്ചയായി.

&&&&&&&&&&&&&&&&&&

## ASHA STRIKE

ആശാ പ്രവർത്തകരുടെ വേതന പരിഷ്കരണം നടപ്പാക്കുന്നത് സംബന്ധിച്ച് കമ്മീഷനെ നിയോഗിക്കുമെന്ന നിർദേശം മുന്നോട്ട് വച്ച് സംസ്ഥാന സർക്കാർ. ആരോഗ്യ മന്ത്രി വീണാ ജോർജുമായി ആശാ വർക്കർമാരും തൊഴിലാളി സംഘടനാ പ്രതിനിധികളും നടത്തിയ ചർച്ചയിലാണ് സർക്കാർ ഇക്കാര്യം നിർദേശിച്ചത്. CITU ഉൾപ്പെടെയുള്ള തൊഴിലാളി സംഘടനകൾ നിർദേശം അംഗീകരിച്ചെങ്കിലും ആശമാർ നിർദേശം അംഗീകരിച്ചില്ല. അന്തിമ തീരുമാനമാകാത്ത സാഹചര്യത്തിൽ നാളെ വീണ്ടും ചർച്ച നടത്തുമെന്നാണ് സൂചന. അതേസമയം ചർച്ച പരാജയപ്പെട്ടതിനെ തുടർന്ന് ആശാപ്രവർത്തകർ റോഡ് ഉപരോധിച്ചു. ആശമാരുടെ ആവശ്യങ്ങളോട് സർക്കാരിന് അനുഭാവപൂർണമായ നിലപാടാണുള്ളതെന്ന് മന്ത്രി വീണാ ജോർജ് മാധ്യമങ്ങളോട് പ്രതികരിച്ചു.

&&&&&&&&&&&&&&&&&&

## FM-PPF GAZETTE

പബ്ലിക് പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടുകളിൽ നോമിനേഷൻ പുതുക്കലിന് ഈടാക്കിയിരുന്ന ചാർജുകൾ പിൻവലിച്ചതായി ധനകാര്യ മന്ത്രാലയം. ഇതിനായി ഗവൺമെന്റ് സേവിംഗ്സ്

പ്രൊമോഷൻ ജനറൽ റൂൾസ് 2018 ൽ വരുത്തിയ മാറ്റങ്ങൾ ഗസറ്റിൽ പ്രസിദ്ധീകരിച്ചതായി കേന്ദ്ര മന്ത്രി നിർമ്മല സീതാരാമൻ അറിയിച്ചു. നോമിനേഷൻ റദ്ദാക്കലിനും മാറ്റത്തിനും 50 രൂപ ഫീസ് ആണ് ഈടാക്കിയിരുന്നത്.

&&&&&&&&&&&&&&&&&&&

## STARTUP MAHAKUMBH

സ്റ്റാർട്ടപ്പ് മഹാകുംഭ് 2025 ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമായി. കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ ഉദ്ഘാടനം നിർവഹിച്ചു. രാജ്യത്തെ സ്റ്റാർട്ടപ്പ് അന്തരീക്ഷവും നയങ്ങളും നവീകരണവും പ്രോത്സാഹിപ്പിക്കുക എന്നതാണ് സ്റ്റാർട്ടപ്പ് മഹാകുംഭ് രണ്ടാം പതിപ്പിൻറെ ലക്ഷ്യം. ലോകമെമ്പാടുമുള്ള 3,000 ത്തിലധികം സ്റ്റാർട്ടപ്പുകളാണ് മൂന്ന് ദിവസത്തെ പരിപാടിയിൽ പങ്കെടുക്കുന്നത്. കേരള സ്റ്റാർട്ടപ്പ് മിഷന് കീഴിലുള്ള പതിനാറ് സ്റ്റാർട്ടപ്പുകളും പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&&

## ISL FOOTBALL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബാൾ രണ്ടാം സെമിയിൽ ജംഷഡ്പൂർ എഫ്.സി - മോഹൻ ബഗാനെ നേരിടുന്നു. ആദ്യ സെമിയിൽ ഇന്നലെ എഫ്.സി ഗോവയെ ബംഗളുരു എഫ്.സി എതിരില്ലാത്ത 2 ഗോളിന് പരാജയപ്പെടുത്തിയിരുന്നു.

&&&&&&&&&&&&&&&&&&&

## IPL T20 CRICKET

ഐപിഎൽ ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് - സൺറൈസേഴ്സ് ഹൈദരാബാദുമായി ഏറ്റുമുട്ടുന്നു. ടോസ് നേടിയ ഹൈദരാബാദ് ഫീൽഡിങ് തിരഞ്ഞെടുത്തു.

&&&&&&&&&&&&&&&&&&

## FIFA RANKING

ഫിഫ ഫുട്ബാൾ റാങ്കിംഗിൽ ഒന്നാം സ്ഥാനം നിലനിർത്തി അർജന്റീന. ഫ്രാൻസിനെ മറികടന്ന് സ്പെയിൻ രണ്ടാം സ്ഥാനത്തെത്തി. ഫ്രാൻസ് മൂന്നാം സ്ഥാനത്തും ബ്രസീൽ അഞ്ചാമതുമാണ്.

&&&&&&&&&&&&&&&&&&

## INDIA-US RECIPROCAL TARIFFS

ഇന്ത്യക്കു മേൽ യുഎസ് ഏർപ്പെടുത്തിയ 26 ശതമാനം പകരം തീരുവയുടെ പ്രത്യാഘാതങ്ങൾ പരിശോധിച്ചു വരികയാണെന്ന് കേന്ദ്ര വാണിജ്യ മന്ത്രാലയം. തീരുവ സംബന്ധിച്ച പ്രശ്നത്തെ എങ്ങനെ നേരിടമെന്ന കാര്യത്തിൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കുമെന്ന് കേന്ദ്ര ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരി നേരത്തെ വ്യക്തമാക്കിയിരുന്നു. വിവിധ രാജ്യങ്ങളിൽ നിന്ന് അമേരിക്കയിലേക്കുള്ള ഇറക്കുമതികൾക്ക് 10 മുതൽ 50

ശതമാനം വരെ അധിക മൂല്യവർധിത തീരുവയാണ് ഡോണൾഡ് ട്രംപ് ഏർപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&

**LS – RAHUL – ANURAG**

ഇന്ത്യയ്ക്ക് മേൽ യുഎസ് ഏർപ്പെടുത്തിയ പകര തീരുവ വിഷയത്തിൽ കേന്ദ്ര സർക്കാർ നിലപാട് വ്യക്തമാക്കണമെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. കൃഷി , വ്യവസായം, ഫാർമസ്യൂട്ടിക്കൽ തുടങ്ങി വിവിധ മേഖലകളെ തീരുവ സാരമായി ബാധിക്കുമെന്നും അദ്ദേഹം ലോക്സഭയിൽ പറഞ്ഞു. ഇന്ത്യയും ചൈനയും തമ്മിലുള്ള യഥാർത്ഥ നിയന്ത്രരേഖയിലെ പ്രശ്നങ്ങളും ശ്രീ രാഹുൽ ഗാന്ധി ലോക്സഭയിൽ ഉന്നയിച്ചു.

&&&&&&&&&&&&&&&&&&

**SENSEX + GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 322 പോയിൻറ് നഷ്ടത്തിൽ 76,295 ലും, നിഫ്റ്റി 82 പോയിൻറ് നഷ്ടത്തിൽ 23,250 ലും വ്യാപാരം അവസാനിപ്പിച്ചു. ഇന്ത്യയടക്കം നിരവധി രാജ്യങ്ങൾക്ക് അമേരിക്ക പകരം ചുങ്കം പ്രഖ്യാപിച്ചതിൻറെ പ്രതിഫലനം വിപണികളിൽ ദൃശ്യമാകുന്നതായാണ് നിരീക്ഷകരുടെ വിലയിരുത്തൽ.

&&&&&&&&&&&&&&&&&&

**IMD–WEATHER**

ആൻഡമാൻ നിക്കോബാർ, തമിഴ്നാട്, പുതുച്ചേരി, കാരക്കൽ, കേരളം, മാഹി, കർണാടക എന്നിവിടങ്ങളിലെ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ഇന്ന് കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തെക്കുകിഴക്കൻ അറബിക്കടലിലെ ചക്രവാതച്ചുഴിയുടെ സ്വാധീനത്താൽ കേരളത്തിൽ അടുത്ത നാല് ദിവസം ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിരിക്കുകയാണ്.

&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&
&&&&&&&&&&&&&
&&&&&&&&&
&&&&&&&
&&&&&&
&&&&
&&&
&&
&